# സി വി എം ഹയർസെക്കൻഡറി സ്കൂൾ വണ്ടാഴി




# നിറക്കൂട്ട്

## ഡിജിറ്റൽ മാഗസിൻ 2024



## ആശംസ

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ
മുൻകൈയെടുത്ത് നിരവധി
പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ
നടത്തിവരുന്നുണ്ട്.അമ്മമാർക്ക് കമ്പ്യൂട്ടർ
സാക്ഷരത നൽകിയതും, അതുപോലെതന്നെ
ഭിന്നശേഷി കുട്ടികളെ  ഞങ്ങളോടൊപ്പം
നിർത്തി അവർക്ക് ഡിജിറ്റൽ വിദ്യാഭ്യാസം
നൽകിയതും, ഏറെ പ്രശംസനീയമാണ്.
ഈ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം
ഇപ്പോൾ നിറക്കൂട്ട് എന്ന പേരിൽ  ഒരു
ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനത്തിലാണ്
വിദ്യാർത്ഥികൾ.അതിലെ ഓരോ സൃഷ്ടിയും
ഈ വിദ്യാലയത്തെ മാത്രമല്ല, വിദ്യാലയം
ഉൾക്കൊള്ളുന്ന  സമൂഹത്തിന് പോലും
പ്രചോദന മേകുന്ന വിധമാ യിരിക്കും എന്ന്
എനിക്ക് ഉറപ്പുണ്ട്. നിങ്ങൾ സൃഷ്ടിച്ചെടുത്ത
വർണ്ണക്കൂട്ടിന് എല്ലാവിധ ആശംസകളും
നേരുന്നു

പ്രധാനാധ്യാപിക
ജയന്തി എം



**വണ്ടാഴി സിവിഎം ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന നിറക്കൂട്ട് എന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗ്ഗാത്മക ആവിഷ്ക്കാരത്തിന് നല്ലൊരു തുടക്കമാകട്ടെ എന്ന് ആശംസിക്കുന്നു**

**രാജേഷ് എം**
**പിടിഎ പ്രസിഡണ്ട്**

# താളുകളിലൂടെ


- കാറ്റ് ..........................................സാജൻസജി .............................5
- ദി ആൽക്കെമിസ്റ്റ്........................സുല്യ ഫാത്തിമ .............................6
- മദേർസ് ലൗവ്..........................ശ്രീനിധി ....................................7
- അമ്മയില്ലാത്ത വീട്...............സുല്യ ഫാത്തിമ .................................8
- വായന...............................മുഹമ്മദ് ആദിൽ ..................................9
- മഹാത്മാഗാന്ധി....................റുഷ്ദ .........................................10
- ബുദ്ധനും ആട്ടിൻകുട്ടിയും............അനുശ്രീ ....................................11
- സൗഹൃദം.................ഷംന ...................................................12
- ഇടശ്ശേരി..........അജ്മൽ റഹ്മാൻ ..........................................13
- റെയ്നി സീസൺ............അനന്യ ...........................................14
- കാട്ടുപൂവ്............ഹിസാന .................................................15
- സ്കൈ.......................അനന്യ ..............................................16
- റെയിൻബോ.........................അസ്ഫിയ ..................................17
- ഫെയർ വില്ലേജ്...............അനന്യ ....................................18,19
- മഴ നൽകിയ സമ്മാനം............സന ഫാത്തിമ ..........................20
- പഴമൊഴികൾ..........................സാന്ദ്ര ................................21

കവിത

# കാറ്റ്


കാറ്റേ,കാറ്റേ ,കുളിർകാറ്റേ,
സുഗന്ധം വിതയ്ക്കും കുളിർകാറ്റേ
ആഴമായി തഴുകിയൻ ഹൃദയം തഴുകും കുളിർകാറ്റേ ,
മരങ്ങളെ ചെടികളെ താലോലിച്ചാട്ടും കുളിർകാറ്റേ ,
മേഘം കറക്കും കുളിർകാറ്റേ ,
മഴയെ നൽകും കുളിക്കാറ്റേ
കാറ്റേ കാറ്റേ എൻ കുളിർകാറ്റേ ,



സാജൻ സജി
9D

വായനാക്കുറിപ്പ്

# ദി ആൽക്കെമിസ്റ്റ്



ഞാൻ വായിച്ച പുസ്തകങ്ങളിൽ എന്നെ ഏറ്റവുമധികം സ്വാധീനിച്ച ഒന്നാണ് പൗലോ കൊയ്ലോയുടെ "ദി ആൽക്കെമിസ്റ്റ്" എന്ന നോവൽ . തൻ്റെ ജന്മനാടായ സ്പെയിനിൽ നിന്നും പിരമിഡുകളുടെ കീഴിൽ മറഞ്ഞിരിക്കുന്ന നിധി തേടി ഈജിപ്റ്റ്യൻ മരുഭൂമിയിലേക്ക് സാൻ്റിയാഗോ എന്ന ഇടയബാലൻ നടത്തുന്നയാത്രയാണ് ഇതിലുള്ളത്. സ്വപനം കാണാനും സ്വപ്നങ്ങൾ നേടിയെടുക്കാനും പഠിപ്പിച്ച നോവൽ . എന്തെങ്കിലും നേടിയെടുക്കണമെന്ന് ഒരാൾ തീവ്രമായി ആഗ്രഹിച്ചാൽ ആ ആഗ്രഹം സഫലമാക്കി തീർക്കാനായി ഈ ലോകം മുഴുവൻ അവൻ്റെ സഹായത്തിനെത്തും എന്ന വലിയൊരു സത്യം മനസ്സിലാക്കി തന്ന നോവൽ . ലോകം മുഴുവൻ ചുറ്റി കാണണമെന്ന ആഗ്രഹവുമായി പുരോഹിതനാവണം എന്ന തൻ്റെ അച്ഛൻ്റെ ആഗ്രഹം ചെവിക്കൊള്ളാതെ ആട്ടിടയായ സാൻ്റിയാഗോ തൻ്റെ സ്വപ്നത്തിൻ്റെ പിറകെ ഇറങ്ങി തിരിക്കുകയും സ്വപ്ന വ്യാഖ്യാനം നടത്തുന്ന ഒരു ജിപ്സിത്തള്ളയുടെ അടുത്ത് എത്തുകയും അവർ നിധിയുണ്ടെന്ന് പറയുകയും ചെയ്തു. വഴിയിൽ വച്ച് ഒരു വൃദ്ധനെ കാണുകയും ഈജിപ്റ്റിലാണ് നിധിയുള്ളതെന്ന് പറയുകയും ചെയ്തു.

നിധിക്കായുള്ള യാത്രയിൽ പല പ്രയാസങ്ങളും നേരിട്ട് അവർ മരുഭൂമിയിലൂടെ യാ ത്ര ചെയ്തു. ഇതിനിടയിൽ ഏതു ലോഹത്തേയും സ്വർണ്ണമാക്കി മാറ്റുന്ന ആൽക്കെമിസ്റ്റിനെക്കുറിച്ച് കേൾക്കുകയും അദ്ദേഹത്തെ കണ്ടെത്തുകയും ചെയ്തു. അതിസങ്കീർണ്ണമായ ദുരിതങ്ങൾ താണ്ടി പിരമിഡുകൾ തേടി അവർ യാത്രയായി. ഇതിനിടയിൽ ഫാത്തിമ എന്ന സ്ത്രീയുമായി സാൻ്റിയാഗോ പ്രണയത്തിലായി . യാത്രയുടെ പാതിവഴിയിൽ ഒരു സ്വണ്ണത്തിൻ്റെ ഭാഗവും കൊടുത്ത് ആൽക്കെമിസ്റ്റ് സാൻ്റിയാഗോയോട് യാത്ര പറഞ്ഞു. തുടർന്നുള്ള യാത്രയിൽ ലോകത്തിൻ്റെ ഭാഷ മനസ്സിലാക്കുകയും ഒരുപാട് കാര്യങ്ങൾ പഠിക്കുകയും ചെയ്തു. അവസാനം പിരമിഡുകളുടെ അടുത്ത് എത്തിച്ചേർന്ന അവൻ കരഞ്ഞു പോയി. കണ്ണീർ വീണ സ്ഥലത്ത് അവൻ കുഴിച്ചു നോക്കി ,പക്ഷെ നിധി കിട്ടിയില്ല. അപ്പോൾ രണ്ട് അപരിചിതർ അവനെ മർദ്ദിക്കുകയും അവൻ്റെ കയ്യിലുണ്ടായിരുന്ന സ്വർണ്ണം എടുത്തു കൊണ്ട് പോവുകയും ചെയ്തു. ഒടുവിൽ അവൻ നിധിയെവിടെയെന്ന് കണ്ടെത്തിയിരിക്കുന്നു. അവൻ്റെ നാട്ടിൽ അവൻ കിടന്നിരുന്ന മരത്തിൻ്റെ അടിയിൽ നിധിയുണ്ടായിരുന്നു. അത് കുഴിച്ചെടുക്കുകയും തൻ്റെ ഫാത്തിമയെക്കുറിച്ചുള്ള ഓർമ്മകളിലൂടെ ജീവിക്കുകയും ചെയ്തു.



സുലു ഫാത്തിമ
8E

# MOTHER'S LOVE

My mom is myworld
My world is my mom

She is doing all work
She makes all beautifull



She is my fairy.she is my friend
She is my everthing

My mom is my life's colour
She makes the world colourful

She is world's fairy
And my beautifull girl



SREENIDHI J

# അമ്മയില്ലാത്ത വീട്

കഥ

മോനേ..... ഉണ്ണിക്കുട്ടാ....

അമ്മയുടെ മാധുര്യം നിറഞ്ഞ ശബ്ദം കേട്ടാണ് അവൻ ഉറക്കത്തിൽ നിന്ന് ഞെട്ടി എഴുന്നേറ്റത്. എഴുന്നേറ്റ ഉടൻ അവൻ വീട് മൊത്തം അമ്മയെ തിരഞ്ഞു. പക്ഷെ അവിടെയൊന്നും അമ്മയുണ്ടായിരുന്നില്ല. അപ്പോഴാണ് അവൻ അവന്റെ ദുഃഖം നിറഞ്ഞ ഭൂതകാലത്തിലേക്ക് യാത്രയായത്.

അച്ഛനില്ലാത്ത മകനെ വളർത്താൻ ആ അമ്മ ഒരുപാട് കഷ്ടപ്പെട്ടിരുന്നു. വീട്ടുജോലിക്ക് പോയി മകനെ നല്ല രീതിയിൽ പഠിപ്പിച്ചു. മകന്റെ ഓരോ ആഗ്രഹങ്ങൾക്കുമുന്നിലും അതൊന്നും നിറവേറ്റാനാവാത്ത നിസ്സഹായമായ അമ്മയുടെ മുഖം ഇന്നും അവന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു.

വർണ്ണത്തിളപ്പിന്റെ ലോകം വളരുകയാണ്. ഒരുനാൾ കൂട്ടുകാരുടെ മുന്നിൽ വീട്ടുജോലിക്ക് പോയികൊണ്ടിരുന്ന ചുക്കി ചുളിഞ്ഞ ശരീരവുമായുള്ള അമ്മയെ അവൻ വെറുത്തു. ദിവസങ്ങൾ കഴിയുംതോറും അമ്മ അവനൊരു ഭാരമായത്കൊണ്ട് അവൻ അമ്മയെ വൃദ്ധസദനത്തിൽ കൊണ്ട് വിട്ടു. എന്നാൽ ഇന്ന് അമ്മയില്ലാത്ത വീട് അവന് നരകതുല്യമായി തോന്നി. അവൻ കാർ എടുത്ത് അമ്മയെ വിളിക്കാനായി വൃദ്ധസദനത്തിലേക്ക് ചെന്നു. എന്നാൽ അവിടെ കണ്ട കാഴ്ച അവന്റെ മനസ്സിനെ മുറിവേൽപ്പിക്കുന്നതായിരുന്നു. മാനസിക നില തെറ്റി ഒരു ഭ്രാന്തിയെ പ്പോലെ ചങ്ങലക്കിട്ടിരിക്കുന്ന അവന്റെ അമ്മയെയാണ് അവിടെ കണ്ടത്. മുൻപൊരിക്കലും അവന്റെ അമ്മയെ ഇങ്ങനെ കണ്ടിട്ടില്ല. ഐശ്വര്യം തുളുമ്പുന്ന മുഖവും, മുല്ലപ്പൂ പോലുള്ള ചിരിയുമായിരുന്ന അമ്മയുടേത്. എന്നാൽ ഇന്ന്......


അവിടെയുള്ള സ്റ്റാഫിനോട് അവൻ കാര്യം തിരക്കി "നിങ്ങൾ പോയപ്പോൾ മുതൽ ഇവർ ഇങ്ങനെയാ.. ഒരുപാട് വയലൻഡ് ആകുമ്പോൾ ചങ്ങലക്കിടും " അവർ പറഞ്ഞു. അവൻ അമ്മയുടെ കാൽകീഴിൽ വീണു കരഞ്ഞു. അപ്പോഴും ആ അമ്മ പറഞ്ഞു " മോനേ, എന്റെ മോൻ ഉണ്ണിയെ കണ്ടോ? നിന്നെ പോലെ തന്നെ മിടുക്കൻ ആയിരുന്നു ". അവന്റെ ഹൃദയം തകർന്നു."അമ്മേ ഞാനാണ് ഉണ്ണി, നോക്കമ്മേ..." എന്നാൽ ഇതൊന്നും കേൾക്കാതെ തന്റെ മകനെയും കാത്തു വാതിൽക്കലേക്ക് നോക്കിയിരിക്കുകയാണ് അമ്മ. തന്റെ മകൻ എന്നെങ്കിലും വരുമെന്ന പ്രതീക്ഷയോടെ..,



സുല്ല ഫാത്തിമ
8E

# വായന

കവിത



വായന അറിവും
തിരിച്ചറിവുമാണ്.........
മുന്നിലും പിന്നിലും
ആനന്ദമായി
കിടക്കുന്ന വഴി
കൺകെയാണത്.........
കാലങ്ങൾക്കപ്പുറത്തേക്കാണ്
ഓരോ പുസ്തകത്തിന്റെയും
താളുകൾ മറിയുന്നത്.........
ഓർമകളുടെയും സ്വപ്നങ്ങളുടെയും
കാവൽക്കാറാണ് വാക്കുകൾ .........
ജീവിതത്തിന്റെ സംഗീതമാണ്
വായന.....വസന്തവും .....



മുഹമ്മദ് ആദിൽ 10 B

# Mahatma Gandhi



The real name of gandhiji was mohandas karamchand gandhi. He was born on october 2, 1869 at Porbandar . His mother putlibai was a home maker .
Gandhiji was married at the age of thirteen to kasturba . Gandhiji condemned the costom of child marriage . On march 12 , 1930 , gandhiji started the historic dandi march to break the salt law . According to this law , no indian had the right to produce salt . Gandhiji broke the salt law at the sea beach at dandi . Satyagraha had become the lifestyle of millions of indians . People began to khadi spun on a chakra and it become a symbol of the freedom movement. Dedicated leadership with the help ofdetermined people successfully. It was on the day of August 15, 1947 our country got independence from british rule.



Rushda 10 D

# ബുദ്ധനും ആട്ടിൻകുട്ടിയും

ബുദ്ധാ ......
ഞാൻ ആട്ടിൻകുട്ടി
കല്ലേറുകൊണ്ടിട്ടെന്റെ കണ്ണുപോയ്
നിൻ ആൽത്തറകാണുവാനൊട്ടുംവയ്യ .
കൃപാധാമമേ ബുദ്ധാ ,കാണുവാനൊട്ടുംവയ്യ
പ്രഭാതാരവും എന്നെ തെളിച്ച പുൽപാതയും .
ഇടയൻ നഷ്ട്ടപെട്ട കുഞ്ഞാടാണല്ലോ ,
ഇനി തുണ നീ മാത്രം ബുദ്ധാ
അലിവിന്നുറവ് നീ
കണ്ണിലെച്ചോര വീഴും പാതയിൽ നീ നിൽക്കുമോ
കണ്ണിനെച്ചുംബിച്ചെന്നെ തോളിലേറ്റുമോ ,നിന്റെ
കണ്ണിന്റെ കനിവ് എല്ലാം കാണുവാൻ കഴിയുമോ ?
മുള്ളുകൾ തറയ്ക്കുന്ന കാലുകൾ മുടന്തുന്നു
വിണ്ണിലേക്കുയരുന്ന വൈഖരി പോലെ നിന്റെ
പൊന്നുവാഗ്ദാനം വീണ്ടും കേൾക്കുമോ തഥാഗതാ
മിണ്ടാത്ത നിൻ വെങ്കല പ്രതിമയെങ്ങാണവോ
മണ്ട ഞാൻ പൊട്ടിച്ചെന്റെ കുരുതി സമ്മാനിക്കാം
കാരുണ്യമോ ,കരസ്പർശമോയേൽക്കാതെ നിൻ
പേരുവിളിച്ചും കൊണ്ടെൻ ചോരക്കണ്ണടയവേ
പുൽകൊടിതാഴ് വരകൾ കാതിൽപറഞ്ഞു എന്നെ
കല്ലെറിഞ്ഞവനൊരു സിദ്ധാർത്ഥനെന്ന കുട്ടി

അനുശ്രീ .എസ്



# സൗഹൃദം

ജീവിതയാത്രയി ൽ നാം
ഒന്നിച്ചു പങ്കിട്ടസൗഹൃദങ്ങൾ
ഒരിക്കലും മായാതെ
എന്നാത്മാവിൽ വസന്തമായി
എന്നും നില്ക്കും.
വിദ്യാലയമുറ്റത്തെ
യാത്രയിൽ ഒരു നിഴലായി
നീയെന്നുംഎന്നോടൊപ്പം
നിന്നിരുന്നു.
തെറ്റേത്,ശരിയേത്
വേർതിരിച്ചറിയാൻ
നീയെന്നുംകരുതലോടെ
എന്നരികിലുണ്ടായിരുന്നു.
ഓർമയുടെ നൂലിഴയിൽ
കോർത്തു ചാർത്തുന്നു
എന്റെ
ഹൃദയഭിത്തിയിൽ
നിന്നോർമ്മകൾ.



ഷംന 10 D



ജീവചരിത്ര കുറിപ്പ്

# ഇടശ്ശേരി ഗോവിന്ദൻ നായർ (1906-1974)

പൊന്നാനിയിൽ ജനനം. കുട്ടകൃഷി ,പുത്തൻ കലവും അരിവാളും, കാവിലെ പാട്ട്, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാനകൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡൻ്റ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം ഡയറക്ടർ, എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്. അവഗണിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്ക് കവിതയിലൂടെ കരുത്തു പകർന്നു. ശക്തിയുടെ കവി എന്നാണ് ഇടശ്ശേരി അറിയപ്പെടുന്നത്. 1929 ൽ കോഴിക്കോട്ടും പിന്നീട് പൊന്നാനിയിലും ജോലി തുടർന്നു വക്കീൽ ഗുമസ്തനായിട്ടാണ് ഉപജീവനം കഴിച്ചത് .
1974 ഒക്ടോബർ 16 ന് അന്തരിച്ചു.



അജ്മൽ റഹ്മാൻ

# RAINY SEASON

It was the month of june.The sky was covered with dark clouds since morning.At first it dizzled.But after 8:00 clock
it begain to rain heavy with thunder and lighting.The heavy rains went for hours together soon the roads and streets were under deep the water.Cars and buses were stopped.
I could not go to school.I began to float paper boats on the roads.In front of my door.The normal life of the people was disrupted.But it was a funny day for me.I enjoyed the day with my cousins.Mother prepared fried rice with chicken.We all ate together in a table.

Ananya.p
5C

# കാട്ടു പൂവ്

ചിതറിത്തെറിയ്ക്കുന്ന ചിന്തകളിലെപ്പോഴും
നിന്റെഈ പുഞ്ചിരിയൊന്നു മാത്രം
മഴവില്ല് പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണർന്നു എന്നിലെ മോഹങ്ങളും
കൃഷ്ണ തുളസി കതിർത്തുമ്പ്
മോഹിക്കും നിന്റെയീ
വാർമുടിച്ചുരളിലെത്താൻ
പൂജക്കെടുകാത്ത പൂവായ് ഞാനും
മോഹിച്ചിടുന്നു നിനരികിലെയത്താൻ
മണമില്ല മധുവില്ല പൂജക്കെടുക്കില്ല
താനെ വളർന്നൊരു കാട്ടു പൂവാണ് ഞാൻ
വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടു പൂവാണ് ഞാൻ
ഇഷ്ടമാണെന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻമുമ്പിലെത്തിടുമ്പോൾ
നിന്റെ കൊലുസിന്റെ നാദങ്ങളിൽ ഞാൻ
താനെ മാറാനൊന്നു നിന്നിടുന്നു
ഒന്നും പറയാതെയറിയാതെ പോയിടുന്നു
ഇഷ്ടമാണെന്നൊരു വാക്ക് നീ ചൊല്ലിയാൽ
വ്യർഥമായിപ്പോവുമെൻ ജീവിതം



ഹിസാന 10 D

# Sky



Sanha K F

As the sun in the west
The sky turn orange and red
stars twinkle in the night
A sight that fills our nearts with delight
clouds float high up in the air changing shapes
big and small ,everywhere
sometimes they bring rain and thunder

I love sky very much
And all things in sky

# RAINBOW

Rainbow, rainbow, rainbow,.........
Seven colours of rainbows,...........
Blue, yellow, pink, red, orange, violet, green, .......
I love the rain and rainbows that i seems......
Rainbows, rainbows, rainbows,.........
The sky was clear the rainbow was bright .....
The rainbow was clear sky was bright ........
I love rainbows .......



ASFIYA .S 6-D

# FAIR VILLAGE

A long long ago on Lovely morning,
Old Harold wished to see the star sparkling,
It hasn't been an open wish, but a closed,
Crumpled and untouched, so that no more knew.

He had his goat, sleeping calmly arid,
Under the shade of green leaves that spring wide.
All he ever knew was nothing
Except a tiny wave of this twinkling village.

He is unhappy, so was the heat.
He is tears apart, so was his heart.
Weary, old Harold,  being felt awaken
Glanced at a spark that gave him the hope.

It was a lovely morning without the noise
And tricking motion of could and boys
Flowers were not blossomed,
Trees were not grown and thick.

This, for sure, was not his village,
That-a fair one- has grown out of age.
Now, the right thing he rose to do
Is to make up the mind to pace against truth.

He dreamt of fair village, that
Every fairy would pay to live.
He dreamt of a cosy village, that
Exists beyond one man's memory

No one is literally made perfect
No man would degrade a man's flaws
It is  the fate is a clouding world
That he called as a fair village

Place where woman few across their tether
place where wind blows only to heal the wound
place that shines upon the external darkness
Place where skies are not  starless

One leaf never matches the dream of a spring
One fall of it never makes the count for an actumn
Listening to the usually of fadding truth
The bundles them up and leaves away



Ananaya P A
10 D

കഥ

# മഴ നൽകിയ സമ്മാനം

വിറക് കഷണങ്ങൾകൂട്ടി വച്ച ഒരുസ്ഥലം.മഴയിൽ നിന്ന് രക്ഷപെടാനുള്ള താവളം . വിനു വീട്ടിൽ നിന്നും ഇറങ്ങിവന്നു. കളിക്കുവാനായി ഇറങ്ങിയതാണ്. മഴ കാരണം കളിക്കാൻ പറ്റില്ല. പക്ഷെ ഒരു നിലവിളി അവൻ്റെ ചെവിയിൽ കേട്ടു പാവം നനഞ്ഞുകുളിച്ച ഒരു ചെറിയ പട്ടിക്കുട്ടി . വിറക്ക്കൂട്ടി വച്ച സ്ഥലത്ത് കിടക്കുന്നു. അവൻ ഓടി ചെന്ന് പട്ടിക്കുട്ടിയെ തുടച്ച് അതിന് കഴിക്കാനായി ഭക്ഷണം നൽകി. അവൻ അതിനെ ഓമനിച്ചു. തൻ്റെ പഴയ പട്ടിക്കുട്ടിക്ക് പകരം കിട്ടിയതാണെന്ന് അവൻ വിചാരിച്ചു. കുറച്ച് കഴിഞ്ഞ് പട്ടിക്കുട്ടിയെ കുളിപ്പിച്ച് കഴിഞ്ഞ് നോക്കിയപ്പോഴാണ് അവന് മനസ്സിലായത് കുറച്ച് ദിവസം മുമ്പ് കാണാതെ പോയ തൻ്റെ പട്ടിക്കുട്ടി തന്നെയാണെന്ന്. അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. തനിക്ക് മഴ തന്ന സമ്മാനമാണെന്ന് അവൻ ചിന്തിച്ചു.



സന ഫാത്തിമ 5C

# പഴമൊഴികൾ

1 ആവശ്യം നിയമം അറിയില്ല
2 ഇക്കരെനില്കുമ്പോൾ അക്കരെപ്പച്ച
3 ഭോഷന്റെ ലക്ഷണം പൊണ്ണത്തവാക്
4 ബോഷനും ജ്ഞാനിക്കും വഴി രണ്ട
5 കള്ളം പറന്നുവരും നേര് നിറങ്ങിയെവ്രു
6 കള്ളനു കഞ്ഞി വൈകുന്നവൻ
7 മടിയൻ മല ച്ചുമക്കും
8 കടലിൽ കായം കലക്കിയതുപോലെ
9 അഴകുള്ള ചക്കയിൽ ച്ചുളയില്ല
10 മടിയിൽ കനം ഉള്ളവനെ വഴിയിൽ പേടി വേണ്ടൂ



sandra



# നന്ദി

